ഗവണ്മെന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

14. [30] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിൽ ചെറുകിട ശമ്പളക്കാരെ അവഗണിക്കുകയും പല ഉയന്ന ഉദ്യോഗസ്ഥന്മാർക്കും കൂടുതൽ ആനുകൂല്യം നൽകുകയും ചെയ്തുവെന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കാരംമൂലം മുമ്പുകിട്ടിക്കൊണ്ടിരുന്ന ചില ഇനം അലവൻസുകൾ നിറുത്തലാക്കിയതു് ജീവനക്കാരുടെ പരാതിക്കു് കാരണമായിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ;

(സി) സർവ്വീസു് സംഘടനകളുടെയും മറ്റും എതിർപ്പിനെ പരിഗണിച്ചു് ശമ്പള പരിഷ്കരണ ഉത്തരവിൽ ഏതെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണു്?

ഉത്തരം

(എ) ഇത്തരം പരാതികൾ ഉന്നയിക്കപ്പെട്ടവരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

(ബി) അറിയാം.

(സി) ശമ്പള പരിഷ്കരണ ഉത്തരവു് ഭേദഗതിചെയ്യണമോ എന്നു് തീരുമാനിക്കുന്നതിനു് മുമ്പു് സർവ്വീസു് സംഘടനകളുടെ പരാതികൾ പരിശോധിക്കേണ്ടതുണ്ടു്.

മലപ്പുറം വിദ്യാഭ്യാസ ജില്ല

15. [34] ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കപ്പെട്ട മലപ്പുറം ജില്ലയിൽ ഒരു വിദ്യാഭ്യാസ ജില്ലകൂടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതു് എവിടെ ആസ്ഥാനമാക്കി രൂപീകരിക്കാനാണു് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്;

(സി) അതോടൊടി ഒരു പുതിയ സബ്ബ്ഡിസ്ട്രിക്റ്റുകൂടി രൂപീകരിക്കാൻ സത്വരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഇതുസംബന്ധിച്ചു് തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല.

(സി) പുതിയ സബ്ബ്ഡിസ്ട്രിക്റ്റു് തൽക്കാലം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

വിദ്യാഭ്യാസ ഡിസ്ട്രിക്റ്റുകളുടെയും, സബ്ബ്ഡിസ്ട്രിക്റ്റുകളുടെയും പുനർവിഭജനം സംബന്ധിച്ചുള്ള റിപ്പോർട്ട് ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടു്. അതു് നടപ്പാക്കുന്ന കൂട്ടത്തിൽ, മലപ്പുറം ജില്ലയിൽ നിലവിലുള്ള സബ്ബ് ഡിസ്ട്രിക്റ്റുകളെ സംബന്ധിച്ചും ആവശ്യമെന്നുകണ്ടാൽ വേണ്ട അഡ്ജസ്റ്റുമെൻറുകൾ വരുത്താവുന്നതാണു്.

കുളത്തുമൺ ക്ഷേത്രത്തിനു് സ്ഥലം കിട്ടണമെന്നുള്ള ആവശ്യം

16. [38] ശ്രീ. പന്തളം പി ആർ മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവുംമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപതോളം വർഷങ്ങളായി ഹിന്ദുക്കൾ ആരാധന നടത്തിപ്പോന്നിരുന്നതും കഴിഞ്ഞ വൃശ്ചികമാസത്തിൽ ആരോ തീവച്ചുനശിപ്പിച്ചതുമായ കുളത്തുമൺ ശിവക്ഷേത്രം നിൽക്കുന്ന നടുവത്തുമൂഴി റേഞ്ചാഫീസിൽ ആനക്കയം ബീറ്റിൽ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly